പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4914

24/07/2015 -ൽ
മറുപടിയ്ക്കു്

## ശബരിമലയിൽ റോപ് വേ നിർമ്മാണം

ചോദ്യം
ശ്രീ. രാജു എബ്രഹാം

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കഴിഞ്ഞ മണ്ഡല കാലത്ത് ശബരിമല സന്നിധാനത്ത് അപകടത്തിൽപ്പെട്ടും അല്ലാതെയും എത്ര മരണങ്ങൾ സംഭവിച്ചു എന്നു പറയാമോ; അടിയന്തിര ശുശ്രൂഷ വേണ്ട അയ്യപ്പഭക്തരെ സന്നിധാനത്തു നിന്നും പമ്പയിലെ ആശുപത്രിയിൽ എത്തിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; | എ) | കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലത്ത് പമ്പ-ചാലക്കയം റൂട്ടിൽ ഒരു അപകടമരണവും സന്നിധാനം-പമ്പ പാതയിൽ 42 സ്വാഭാവിക മരണവും സംഭവിച്ചിട്ടുണ്ട്. കേരള സർക്കാർ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം അയ്യപ്പസേവാ സംഘം വാളണ്ടിയർമാർ അടിയന്തിര ശുശ്രൂഷ വേണ്ട അയ്യപ്പ ഭക്തരെ സ്ട്രച്ചറിൽ ശബരിമല സന്നിധാനത്തു നിന്നും പമ്പയിലെ ആശുപത്രിയിൽ എത്തിക്കുന്നു. |
| ബി) | അടിയന്തിര സാഹചര്യത്തിൽ ഉപയോഗിക്കാൻ ശബരിമലയിൽ റോപ് വേ സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ ഏതു ഘട്ടം വരെയായി; ഇതിനായി സാധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ പറയുന്നത് എന്ന് വിശദമാക്കാമോ; | ബി) | ഒരു സ്ഥിരം സംവിധാനമെന്ന നിലയിൽ ശബരിമലയിലെ പൂജാകാര്യങ്ങൾക്കും പ്രസാദ നിർമ്മാണത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ സാധനങ്ങൾ കൊണ്ടുപോകുന്നതിനാണ് പ്രധാനമായും റോപ്പ് വേ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഇതിന് Rites Limited (Schedule 'A' Enterprise of Government of India) എന്ന സ്ഥാപനമാണ് സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സാധ്യതാ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി നിർമ്മാണം നടത്തുന്നതിന് കരാർ ഒപ്പിട്ടിട്ടുണ്ട്. |
| സി) | ശബരിമലയിൽ റോപ് വേ നിർമ്മിക്കാൻ ഹൈപവർ കമ്മിറ്റി തീരുമാനം എടുത്തത് എന്നാണ്; റോപ് വേ നിർമ്മാണത്തിന് ഏതെങ്കിലും കമ്പനിയുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് എന്നു പറയാമോ; എഗ്രിമെന്റ് തീയതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ; എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം നേരിട്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | സി) | ശബരിമലയിൽ റോപ്പ്വേ നിർമ്മിക്കാൻ ഹൈപവർ കമ്മിറ്റി തീരുമാനമെടുത്തത് 17/2/012 ൽ ആണ്. റോപ്പ്വേ നിർമ്മാണത്തിന് കൽക്കട്ടയിലെ ദാമോദർ റോപ്പ്വേ ആൻഡ് ഇൻഫ്രാ ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. എഗ്രിമെന്റ് വെച്ച തീയതി 28/4/2015 ആണ്. ടെണ്ടർ നടപടി ക്രമങ്ങളും സാധ്യതാ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങളും പൂർണ്ണമായും പരിശോധിച്ചാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്നും ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടില്ലെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) റോപ്‌വേയുടെ നിർമ്മാണം എന്ന് ആരംഭിക്കാനാവും എന്ന് പറയാമോ; ഇതിന്റെ നിർമ്മാണത്തിനായി എത്ര രൂപ ചിലവാകും? | ഡി) എഗ്രിമെന്റ് വെച്ചതിനുശേഷം എൻവയർമെന്റ് ഇംപാക്ട് അസ്സസ്മെന്റ് ആന്റ് ക്ലിയറൻസ് ഉൾപ്പെടെയുള്ള ഒട്ടേറെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുവേണം പ്രസ്തുത കമ്പനിക്ക് നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് കടക്കുവാൻ. ആയതിനാൽ പ്രസ്തുത റോപ്പ്‌വേ പ്രവർത്തനക്ഷമമാക്കുന്നതിന് ഏറ്റവും കുറഞ്ഞത് നാലുവർഷമെങ്കിലും സമയമെടുക്കും. റവന്യൂ ഷെയർ ബേസിസ് കൺസഷൻ എഗ്രിമെന്റ് വെച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. നിർമ്മാണ ചെലവ് കമ്പനി നേരിട്ടാണ് വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ